## 25

# കൊടുങ്കാറ്റിന്റെ മദ്ധ്യേ ശാന്തത

## (7:1–8)

ഒരിക്കൽ ഞാനും എന്റെ ഭാര്യയും ഓക്ലഹോമാ സിറ്റിയിലേക്കു പോകുന്ന വഴിയിൽ ഒരു കൊടുങ്കാറ്റടിച്ചു. ഒരു നിമിഷത്തേക്ക് മുൻപിലുള്ള റോഡ് വരണ്ടുപോയി, പിന്നെ ഞങ്ങൾക്ക് അനുഭവപ്പെട്ടത് ശക്തിയായ മഴയായിരുന്നു. ഇടിമിന്നൽ മേഘത്തെ പ്രകാശിപ്പിച്ചു; കാറിനെ തകർത്തുകളയുമെന്ന വിധത്തിൽ അത്യുച്ചത്തിലായിരുന്നു ഇടി. റോഡിന്റെ വശം വ്യക്തമായി കാണുവാൻ ഞാൻ കാറിന്റെ ചെറിയ ജനൽ തുറന്നു. കൊടുങ്കാറ്റിന്റെ തീവ്രത വർദ്ധിക്കുകയും, കാർ മറിച്ചിടുമെന്ന ഭീതിയാൽ, കാർ റോഡിന്റെ ഒരു വശത്തേക്ക് ഒതുക്കി നിർത്തുവാനൊരുങ്ങി. പെട്ടെന്ന് ആകാശം നീലനിറമായി, സൂര്യപ്രകാശം ജനലിൽകൂടെ കാറിനകത്തേക്ക് പ്രകാശിക്കുവാൻ തുടങ്ങി. മുൻപിൽ തിളച്ചുമറിയുന്ന മേഘവും ഇടക്കിടക്കുണ്ടാകുന്ന മിന്നലും ഞങ്ങളുടെ യാത്രയിൽ ഇനിയും കൊടുങ്കാറ്റ് വരുവാനിരിക്കുന്നു എന്ന സൂചനയായിരുന്നു - എന്നാൽ ഒരു നിമിഷത്തേക്ക് എല്ലാം ശാന്തമായി. ചുരുങ്ങിയത്, കുറേ നേരത്തേക്ക് ഞങ്ങൾ സുരക്ഷിതരായി.

വെളിപ്പാട് പുസ്തകത്തിൽകൂടെയുള്ള നമ്മുടെ യാത്രയും ഏതാണ്ട് ആ അനുഭവം പോലെയാണ്. നാം കൊടുങ്കാറ്റു പുറപ്പെട്ട അദ്ധ്യായം 6-ൽ നിന്നു പ്രകാശം പരത്തുന്ന അദ്ധ്യായം 7 ലേക്കാണ് വരുന്നത്. കൂടുതൽ കൊടുങ്കാറ്റുകൾ വരുവാനിരിക്കുന്നു; എന്നാൽ തൽക്കാലം, ഭൂദൃശ്യം തെളിവായി തീർന്നു.

വെളിപ്പാട് ആദ്യമായി വായിച്ചുകേൾക്കുന്നവർക്ക് അദ്ധ്യായം 7 ലെ രംഗങ്ങൾ അതിശയമായി തോന്നിയേക്കാം. ആദ്യത്തെ ആറു മുദ്രകളും അതിവേഗത്തിലാണ് പൊട്ടിച്ചത്. ഇനി അടുത്തത് ഏഴാമത്തെ മുദ്ര പൊട്ടിക്കുമെന്ന് ശ്രോതാക്കൾ പ്രതീക്ഷിച്ചിരിക്കുകയാണ്; എന്നാൽ നാം അതിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് (8:1-ൽ), വ്യാഖ്യാതാക്കൾ പറഞ്ഞ "ഇടവേള," അല്ലെങ്കിൽ "ഇടെക്ക് ചേർത്തത്" നോക്കണം; 144,000 പേരെയും സിംഹാസനത്തിനു ചുറ്റുമുള്ള എണ്ണിക്കൂടാത്ത പുരുഷാരത്തെയും അലങ്കാരമായി മുദ്രയിട്ടിരിക്കുന്നു.[1] കാലനിർണ്ണയപ്രകാരം അദ്ധ്യായം 6 കഴിഞ്ഞ് വരേണ്ടതല്ല, അദ്ധ്യായം 7 എന്ന് മിക്ക വ്യാഖ്യാതാക്കളും സമ്മതിക്കും, കലണ്ടർപ്രകാരം സംഭവങ്ങളെ വിവരിക്കുക എന്നതായിരുന്നില്ല യോഹന്നാന്റെ ഉദ്ദേശം. ആറാം മുദ്രക്ക് മുൻപാണ് അദ്ധ്യായം 7 ലെ പല സംഭവങ്ങളും നടന്നത് എന്നതിന് പല സൂചനകൾ നമുക്കുണ്ട്, ഒരുപക്ഷെ ഏഴ്, ഒന്നിനു മുൻപ് സംഭവിച്ചതാകാം:

അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ, രക്തസാക്ഷികൾ പ്രതികാരത്തിനായി നിലവിളിച്ചു, എന്നാൽ പ്രതികാരത്തിനായി "അൽപകാലം" കാത്തിരിക്കുവാൻ അവരോട് പറഞ്ഞു (6:11). നിരപരാധിത്വം തെളിയുന്നത് പിന്നീടാണ്, ആറാം മുദ്ര പൊട്ടിച്ചപ്പോൾ, അഞ്ചാം മുദ്രക്കും ആറാം മുദ്രക്കുമിടയിൽ ("അൽപകാലം") കഴിഞ്ഞു എന്ന് സ്പഷ്ടം. ആ കാലത്തിന് യോജിക്കുന്നതാണ് അദ്ധ്യായം 7 ലെ സംഭവങ്ങൾ.

അദ്ധ്യായം 7 ന്റെ ആദ്യഭാഗത്ത്, ദൈവ-ദാസന്മാരെ മുദ്രയിട്ടു തീരു

വോളം "*ഭൂമിക്ക്* കേട് വരുത്തരുതെന്ന്" നാല് ദൂതന്മാരോട് പറഞ്ഞിരുന്നു. (7:3; എംഫസിസ് മൈൻ). എങ്ങനെയായാലും, അദ്ധ്യായം 6 ലെ ചുവന്ന കുതിരപ്പുറത്തിരിക്കുന്നവൻ "*ഭൂമിയിലെ* സമാധാനം എടുത്തുകളഞ്ഞു" (6:4; എംഫസിസ് മൈൻ). ചാരനിറമുള്ള ("മഞ്ഞുനിറമുള്ള"; കെജെവി) കുതിരപ്പുറത്തിരിക്കുന്നവന്, "*ഭൂമിയുടെ* നാലിൽ ഒന്നിന്മേൽ, വാൾകൊണ്ടും, ക്ഷാമം കൊണ്ടും, മഹാവ്യാധികൊണ്ടും, വന്യമൃഗങ്ങളെ കൊണ്ടും കൊല്ലുവാൻ" അധികാരം നൽകി (6:8; എംഫസിസ് മൈൻ). അദ്ധ്യായം 7-ൽ മുദ്രയിലെ, "ഭൂമിക്ക്" "കേട്" വരുത്തരുത് എന്നത് സംഭവിച്ചത്, ആ നാല് കുതിരക്കാരും യാത്ര തുടങ്ങുന്നതിന് മുൻപായിരിക്കണം.

അദ്ധ്യായം 6 ലെ നാല് കുതിരക്കാർക്കുണ്ടായ അതേ കുഴപ്പം ആയിരിക്കാം അദ്ധ്യായം 7 ലെ നാല് കാറ്റിനും ഉണ്ടായത്. അങ്ങനെയായിരുന്നു സംഭവമെന്ന് ജെ. ഡബ്ലിയു. റോബെർട്ട്സിനു ബോധ്യമായി:

> അപോകാലിപ്സിലെ തീർച്ചയുള്ള സൂചനകളിൽ ഒന്നാണെന്ന് തോന്നുന്നു, ആദ്യ [നാല്] മുദ്രകളിലെ നാല് കുതിരക്കാർക്ക് വേണ്ടിയുള്ള അലങ്കാരമായ ആ നാല് കാറ്റുകൾ. സെഖര്യാവിന്റെ ദർശനത്തിൽ, അപോകാലിപ്സ് തുടരുന്നതിൽ, നാല് കുതിരക്കാർ സ്വർഗത്തിലെ നാല് കാറ്റുകളാണെന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു (സെഖര്യാവ് 6:5).[2]

റോബെർട്ട്സ് ശരിയായിരുന്നു എങ്കിൽ, അദ്ധ്യായം 7-ൽ ക്രിസ്ത്യാനികളെ മുദ്രയിടുന്നതായി പറഞ്ഞിരിക്കുന്നത്, ആദ്യ മുദ്ര പൊട്ടിക്കുന്നതിനു മുൻപ് തന്നെ സംഭവിച്ചിരിക്കണം.

മകളിൽ പറഞ്ഞത് കണക്കിലെടുത്താൽ, അദ്ധ്യായം 7 ലെ സംഭവങ്ങൾ ഈ പാഠത്തിൽ പറയുന്നത്, പ്രത്യവലോകനമായിരിക്കും – അതായത് അദ്ധ്യായം 6 ലെ ഭയാനകസംഭവങ്ങൾക്ക് മുൻപ് നടന്നതായിരിക്കും.[3]

അത് ഈ ചോദ്യമുയർത്തിയേക്കാം, "എങ്കിൽ പിന്നെ, അദ്ധ്യായം 7 ലെ വിവരണം എന്തുകൊണ്ട് നേരത്തെ ചേർത്തു?" പല യുക്തമായ കാരണങ്ങളും നൽകാം: ഒരുപക്ഷെ കാര്യങ്ങൾക്ക് ഒരു നാടകീയ ഫലം ഉണ്ടാകുന്നതിനായിരിക്കാം. അദ്ധ്യായം 6 ഒരു ക്ലാസിക്കൽ സംഗീത സ്വരാരോഹണം പൊട്ടുന്നതിനോട് താരതമ്യപ്പെടുത്തിയതാകാം. പിന്നെ, നമ്മുടെ ഇന്ദ്രിയങ്ങൾ ക്ക് താങ്ങുവാൻ കഴിയാതെ വന്നപ്പോൾ, ഒരു വേദഭാഗം നമ്മുടെ കാതുകൾക്ക് കുളിർമ്മയേകുന്നു – വീണ്ടും ആത്മാവിനു സംഘർഷമുണ്ടാകുന്നതിനു മുൻപ് മന്ദമധുരമായ ഗാനം ഉള്ളം തണുപ്പിക്കുകയായിരിക്കാം. ശാന്തമാക്കുന്ന ഇടവേളയാണ് അദ്ധ്യായം 7.

അദ്ധ്യായം 6 ലെ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ അദ്ധ്യായം 7-ൽ നൽകുന്നു എന്നതായിരിക്കാം കൂടുതൽ പ്രസക്തമായ വിശദീകരണം. അദ്ധ്യായം 6-ൽ ആപത്ത് വിവരിച്ചശേഷം – പ്രത്യേകിച്ച് പ്രപഞ്ചത്തിന്റെ നാശം ചിത്രീകരിക്കുകയാണ് (ആലങ്കാരികമായി) – അതിന് യോഹന്നാന്റെ വായനക്കാരിൽനിന്ന് സ്വാഭാവികമായും ഒരു പ്രതികരണം ഉയരാം. "എന്നാൽ ക്രിസ്ത്യാനികൾക്കോ? ഇവയെല്ലാം സംഭവിക്കുമ്പോൾ ഞങ്ങൾക്ക് എന്ത് സംഭവിക്കും?" അതിന് ഉത്തരം അദ്ധ്യായം 7 മറുപടി നൽകുന്നു.

അദ്ധ്യായം 7-ൽ രണ്ട് രംഗങ്ങൾ കാണിക്കുന്നുണ്ട്: 144,000 പേരെ മുദ്രയിടുന്നതും (വാ. 1 – 8) സിംഹാസനത്തിനു ചുറ്റുമുണ്ടായിരുന്ന എണ്ണിക്കൂടാത്ത

പുരുഷാരവും (വാ. 9–17). നാം ഈ പാഠത്തിൽ, 144,000 പേരെയും അടുത്ത പാഠത്തിൽ വലിയ പുരുഷാരത്തെയും വിശദമായി നോക്കും.

## ദൈവത്തിന് ഒരു വിഭവ വാക്കുണ്ട്: അവൻ തനിക്കുള്ളവർക്ക് അനുകൂലമാകുന്നു (7:1-3)

അദ്ധ്യായം 7 തുടങ്ങുന്നു, "അനന്തരം ..." (വാ:1). "വെളിപ്പാട് പുസ്തകത്തിൽ ഒരു പുതിയ വിഷയം, അല്ലെങ്കിൽ ഒരു പുതിയ ചിന്താധാര[4] പരിചയപ്പെടുത്തുന്നതിന് ഉപയോഗിച്ച ഗ്രീക്ക് പ്രയോഗമാണ്." "അതിന്റെ ശേഷം." അപ്പൊസ്തലൻ പറഞ്ഞു, "അതിന്റെ ശേഷം, ഭൂമിമേലും, കടലിന്മേലും, യാതൊരു വൃക്ഷത്തിന്മേലും കാറ്റ് ഊതാതിരിക്കേണ്ടതിന്, നാല് ദൂതന്മാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊണ്ട് നിൽക്കുന്നത് ഞാൻ കണ്ടു" (വാ. 1). (ഈ പാഠത്തിന്റെ അവസാനം വരുന്ന "ഭൂമിയിലെ നാല് കാറ്റും നാല് ദൂതന്മാർ പിടിച്ചുകൊണ്ട് നിൽക്കുന്നു" എന്ന ചിത്രീകരണം നോക്കുക.)

പുസ്തകം മുഴുവനും, ദൈവപദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ദൂതന്മാരെ നമുക്ക് കാണാം. ചിലർക്ക് പ്രത്യേക ദൗത്യം നൽകിയിരുന്നു : ഒരാൾക്ക് "തീയിന്മേൽ" ശക്തി കൊടുത്തു (14:18), വേറൊരാൾ "ജലാധിപതി" ആയിരുന്നു (16:5). അദ്ധ്യായം 7–ൽ "ഭൂമിയിലെ കാറ്റുകൾ"[5] നിയന്ത്രിക്കുവാൻ ദൈവം നാല് ദൂതന്മാരെ നിയോഗിക്കുന്നുണ്ട്. നാല് "പ്രപഞ്ചസംബന്ധിയായ" (സൃഷ്ടിയുടെ സംഖ്യ) സംഖ്യയാണെന്നും, വെളിപ്പാടി ൽ, അത്, സകല മനുഷ്യരേയും ഉദ്ദേശിച്ച് പറഞ്ഞിരിക്കുന്നതായും ഓർമ്മിക്കുക.[6]

ആ നാല് ദൂതന്മാർ "ഭൂമിയുടെ നാല് കോണിൽ നിൽക്കുകയായിരുന്നു" (വാ. 1): ഒരാൾ കിഴക്കും; മറ്റുള്ളവർ തെക്കും, പടിഞ്ഞാറും വടക്കുമായി നിന്നു. "ഭൂമിയിലെ നാല് കോണിലും" എന്നു പറഞ്ഞിരിക്കുന്നത് യെശയ്യാവ് 11:12[7] ലേതുപോലെയാണ്, അല്ലെങ്കിൽ ദിവസേനയുള്ള വർത്തമാന പത്രത്തിൽ[8] "പറഞ്ഞിരിക്കുന്നതുപോലെയാണ്, അല്ലാതെ അതിൽ അശാസ്ത്രീയമായി ഒന്നുമില്ല. അബ്രഹാമിന്ന് മുൻപു തന്നെ സർവ്വ ലോകത്തെയും അന്തർലീനമാക്കി 'ഭൂമിയുടെ നാലും കോണും' എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്."[9]

"ഭൂമിമേലും, കടലിന്മേലും, യാതൊരു വൃക്ഷത്തിന്മേലും കാറ്റ് ഊതാതിരിക്കേണ്ടതിനായിരുന്നു"[10] ദൂതന്മാർ കാറ്റിനെ പിടിച്ചിരുന്നത് (വാ. 1). ആ കാറ്റുകൾ നാശത്തിന്റെ ഏജന്റുമാരായിരുന്നു. "ഭൂമിക്കും സമുദ്രത്തിനും" (വാ. 2), "വൃക്ഷങ്ങൾക്കും" (വാ. 3) കേടുവരുത്തുവാൻ നിയോഗിക്കപ്പെട്ടവരായിരുന്നു. ദൈവക്രോധത്തെ ആലങ്കാരികമായി സൂചിപ്പിക്കുവാനാണ് പലപ്പോഴും ബൈബിളിൽ "കഠിനമായ കാറ്റിനെ" കാണിച്ചിരിക്കുന്നത്;[11] ഇവിടെ അത് ഭൂമിയിൽ അഴിച്ചുവിടുന്ന ഭീകരതയെയാണ് ഉദ്ദേശിക്കുന്നത്. നാല് ദിശയിൽനിന്നും കാറ്റുകൾ വരുമെന്ന് സൂചന "എല്ലായിടത്തും കുഴപ്പമുണ്ടാകും" എന്നാണ് കാണിക്കുന്നത്. ആ കാഴ്ച നിങ്ങളുടെ മനസിൽ ദൃശ്യവൽക്കരിക്കുമ്പോൾ, വന്യമൃഗങ്ങൾ അവയുടെ ഇരയെ പിടിച്ചു ചുഴറ്റുന്നതും, ചുഴലിക്കാറ്റിൽ പലതും ചുരുട്ടിക്കൂട്ടുന്നതും ചിന്തിക്കുക!

പിന്നീട്, "മറ്റൊരു ദൂതൻ സൂര്യോദയത്തിൽനിന്ന് കയറി വരുന്നത് യോഹന്നാൻ കണ്ടു" (വാ. 2), അതായത്, "കിഴക്കുനിന്ന്" (എൻഐവി) യെഹൂദന്മാരുടെ ചിന്തയനുസരിച്ച്, ദൈവത്തിന്റെ കരുണാപ്രവൃത്തികൾ കിഴക്കുനിന്നാണ് വരുന്നത് (ഉൽപത്തി 2:8), ദൈവതേജസ് ആലയത്തിലേക്ക് പ്രവേശിച്ചത് കിഴക്കുനിന്നാണ് (യെഹെസ്ക്കേൽ 43:2), മശിഹയും കിഴക്കുനിന്നു

വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.[12] സൂര്യോദയത്തിൽ നിന്നും വരുന്നത് സൂചിപ്പിക്കുന്നത്, കർത്താവിൽ നിന്ന് ഒരു *പ്രത്യാശ*ദൂതുമായി വരുന്നു എന്നാണ്.

ആ ദൂതന്റെ കയ്യിൽ "ജീവനുള്ള ദൈവത്തിന്റെ മുദ്രയുണ്ടായിരുന്നു"[13] (വാ.2). "ഏകാധിപതികളുടെ ഏർപ്പാടുകളിലും, സമ്പാദ്യങ്ങളിലും കൈവശ രേഖകളിലും പ്രത്യേകമുദ്രകൾ പതിപ്പിക്കുമായിരുന്നു."[14] പൊതുവിൽ ഇത്തരം മുദ്രകൾക്കായി മുദ്രമോതിരങ്ങളാണ് ഉപയോഗിച്ചിരുന്നത് (ഉൽപത്തി 41:42; എസ്ഥേർ 3:10; 8:2), എന്നാൽ അതിന് പിടിയോടുകൂടിയ ലോഹമുദ്രയും ഉപയോഗിച്ചിരുന്നു.

ആ മുദ്രയുള്ള ദൂതൻ "ഭൂമിക്കും സമുദ്രത്തിനും കേടുവരുത്തുവാൻ അധികാരം ലഭിച്ച ദൂതന്മാരോട്, 'ഞങ്ങളുടെ ദൈവത്തിന്റെ-ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേട് വരുത്തരുത് എന്നു ഉറക്കെ നിലവിളിച്ചു' " (വാ. 2, 3). "ദൈവത്തിന്റെ - ദാസന്മാർ" എന്ന പ്രയോഗം വെളിപ്പാടിന്റെ ആരംഭ വാക്യത്തിലും കാണാം (1:1).[15] അത് എല്ലാ ദൈവമക്കളേയുമാണ് സൂചിപ്പിക്കുന്നതെങ്കിലും, പ്രത്യേകമായി ഉപദ്രവത്തിലായിരുന്ന ക്രിസ്ത്യാനികളെയാണ് സൂചിപ്പിക്കുന്നത്.

ദൈവം തന്റെ ജനത്തെ കുറിച്ച് കരുതിയിരുന്നു. ഫലത്തിൽ, അവൻ പറഞ്ഞു, "എന്റെ മക്കൾ തയ്യാറാകുന്നതുവരെ ബീഭൽസതയെ പരിശോധിച്ച് സൂക്ഷിക്കുക!"[16] ദൈവം തനിക്കുള്ളവരോട് പക്ഷഭേദം ചെയ്യുമെന്നതാണ് ബൈബിളിലെ ഏറ്റവും വലിയ സത്യങ്ങളിൽ ഒന്ന്! എന്നെ തെറ്റിദ്ധരിക്കരുത്; രക്ഷയെ സംബന്ധിച്ച്, "ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല" (പ്രവൃത്തികൾ 10:34, 35; കൂടാതെ ഗലാത്യർ 3:28 ഉം നോക്കുക).[17] എങ്ങനെയായാലും, ഒരാൾ വിശ്വാസത്താലും അനുസരണത്താലും ദൈവത്തോട് പ്രതികരിക്കുമ്പോൾ, അയാൾ ദൈവത്തിന് ഇഷ്ടമുള്ള വ്യക്തിയായി തീരുന്നു![18]

ഉൽപത്തി 6:8-ൽ നാം വായിക്കുന്നു, "നോഹക്ക് യഹോവയുടെ *കൃപ* ലഭിച്ചു." (എംഫസിസ് മൈൻ.) അതു തന്നെ മോശെ, ശമുവേൽ, ദാവീദ്, മറിയ, യേശു എന്നിവരെ സംബന്ധിച്ചും പറയുകയുണ്ടായി (പുറപ്പാട് 33:12; 1 ശമുവേൽ 2:26; പ്രവൃത്തികൾ 7:46; ലൂക്കൊസ് 1:30). ജ്ഞാനിയായ മനുഷ്യൻ പറഞ്ഞു, "ഉത്തമൻ യഹോവയുടെ പ്രസാദം പ്രാപിക്കുന്നു" (സദൃശവാക്യങ്ങൾ 12:2), സങ്കീർത്തനക്കാരൻ എഴുതി, "തന്നെ ഭയപ്പെടുകയും തന്റെ ദയയിൽ പ്രത്യാശ വെക്കുകയും ചെയ്യുന്നവരിൽ യഹോവ പ്രസാദിക്കുന്നു" (സങ്കീർത്തനങ്ങൾ 147:11). ഇതുമായി പ്രത്യേകമായി യോജിക്കുന്ന വേദഭാഗമാണ് 1 പത്രൊസ് 2:20: "അല്ല, നന്മ ചെയ്തിട്ടു, കഷ്ടം സഹിച്ചാൽ അത് ദൈവത്തിന് പ്രസാദം"![19]

നിങ്ങൾ ക്രിസ്ത്യാനിയാകുമ്പോൾ, ദൈവത്തിന് പ്രത്യേകതയുള്ള വ്യക്തിയാകുന്നു[20] - നിങ്ങളുടെ ജീവിതത്തിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ നിങ്ങൾ പ്രത്യേകതയിൽ കുറവുള്ള ആളാകുന്നില്ല. വാസ്തവത്തിൽ, വിശ്വാസത്തിൽ നിങ്ങൾ ആ പ്രശ്നത്തെ നേരിട്ടാൽ, (അത് സാധ്യമാണെങ്കിൽ) നിങ്ങൾ കർത്താവിന് കൂടുതൽ പ്രത്യേകതയുള്ള ആളാകുന്നു!

## ദൈവത്തിന് ഒരു സുരക്ഷിതത്വ മുദ്രയുണ്ട്: അവൻ തനിക്കുള്ളവരെ കരുതുന്നു (7:2-4)

തനിക്ക് പ്രസാദമുള്ളവരോട് ദൈവം എന്തു *ചെയ്യും*? താഴെ കൊടുത്തിരിക്കുന്ന ഉത്തരം ശ്രദ്ധയോടെ വായിക്കുക, കാരണം ഇതാണ് നമ്മുടെ പാ

ഠത്തിന്റെ പ്രാഥമിക സന്ദേശം.

ഈ വേദഭാഗത്തിലെ മുഖ്യവാക്ക് "മുദ്ര" എന്നതാണ്. കിഴക്കുനിന്നുള്ള ദൂതൻ "ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി" ട്ടാണ് വന്നത് (വാ. 2). അവൻ നാലു ദൂതന്മാരോട് നിലവിളിച്ചു, "ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം, ഭൂമിക്കും, സമുദ്രത്തിനും, വൃക്ഷങ്ങൾക്കും കേട് വരുത്തരുത്" (വാ. 3). (ഈ പാഠത്തിന്റെ അവസാനം വരുന്ന "ഒരു ദൈവ-ദാസന്മേൽ മുദ്രയിടുന്നു" എന്ന ചിത്രീകരണം നോക്കുക.) "യിസ്രായേൽ മക്കളുടെ ഓരോ ഗോത്രത്തിൽനിന്നും മുദ്രയിട്ട," "നൂറ്റിനാൽപത്തി-നാലായിരം പേരെ" നാം വായിക്കുന്നു (വാ. 4). യിസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളുടേയും പേരുകൾ പറയുകയും, ഓരോ ഗോത്രത്തിൽനിന്നും "പന്തീരായിരം പേരെ വീതം മുദ്രയിടുകയും ചെയ്തു" (7:5–8).

അദ്ധ്യായം 5-ൽ ഏഴ്-മുദ്രകളുള്ള ചുരുളിനെ കുറിച്ച് പഠിച്ചപ്പോൾ, നാം മുദ്രയുടെ പ്രാധാന്യം കാണുകയുണ്ടായി. ഒരു മുദ്രക്ക് മൂന്ന് ഉദ്ദേശങ്ങളുള്ളതായി നാം ശ്രദ്ധിച്ചു:

(1) ഉടമസ്ഥാവകാശം സ്ഥിരീകരിക്കുക (ഉത്തമഗീതം 8:6),

(2) പരിശുദ്ധി ഉറപ്പുവരുത്തുക (എസ്ഥേർ 3:12),

(3) ഉള്ളടക്കം സംരക്ഷിക്കുക (മത്തായി 27:66).

വെളിപ്പാട് 7 ലെ "ജീവനുള്ള ദൈവത്തിന്റെ മുദ്ര" യിൽ ഊ മൂന്നു ഉദ്ദേശവും നിറവേറ്റുന്നുണ്ട്. ദൈവത്തിന്റെ-ദാസന്മാർ ദൈവത്തിനുള്ളവരാണെന്ന് അത് കാണിക്കുന്നു, ദൈവത്തിന്റെ ദാസന്മാരല്ലാത്ത ആരെയും മുദ്രയിട്ടില്ല; അതുകൊണ്ട് മുദ്ര അതിന്റെ പരിശുദ്ധി വെളിപ്പെടുത്തുന്നു. എങ്ങനെയായാലും, വെളിപ്പാട് 7 ലെ ഊന്നൽ *സുരക്ഷിതത്വ*ത്തിനാണ്; ദൈവദാസന്മാരെ മുദ്രയിട്ടത് വരുവാനുള്ള കുഴപ്പത്തിൽനിന്ന് അവരെ സംരക്ഷിക്കുന്നതിനാണ്.[21] ഇതുപോലെ *അവരെ* സംരക്ഷിക്കുന്നത് വെളിപ്പാട് 9 ലും കാണാം, അവിടെ "ദൈവത്തിന്റെ മുദ്ര നെറ്റിയിലില്ലാത്തവരെ" വെട്ടുക്കിളികളാൽ ഉപദ്രവിക്കയുണ്ടായി (വാ. 4).

അതിന് ഒരു പഴയനിയമസമാനത യെഹെസ്ക്കേൽ 9:2–6-ൽ കാണാം: അഭക്തരെ ശിക്ഷിക്കുവാൻ, ശിക്ഷ നടപ്പാക്കുവാൻ ആറു പേരെ യെരുശലേമിലേക്ക് ദൈവം അയച്ചു. അവരുടെ കൂടെ എഴുത്തുകാരന്റെ "മഷിക്കുപ്പിയുമായി" മറ്റൊരാളുമുണ്ടായിരുന്നു (വാ. 2). ആ മനുഷ്യനോട് പട്ടണത്തിന്റെ നടുവിൽകൂടെ പോയി, "സകല മ്ലേഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു അടയാളം ഇടുവാനുമായിരുന്നു പറഞ്ഞത്" (വാ. 4). നിരപരാധിയെ വ്യത്യസ്തമായ അടയാളത്താൽ വേർതിരിക്കുവാനായിരുന്നു നിർദ്ദേശം. അതിനുശേഷം, മരണശിക്ഷ നടപ്പാക്കുന്നവരോട് യെരുശലേമിലുള്ള മറ്റുള്ളവരെ, വൃദ്ധന്മാരെയും, യൗവനക്കാരെയും, കന്യകമാരെയും, പൈതങ്ങളേയും സ്ത്രീകളേയും, ദയ കൂടാതെ വെട്ടിക്കളവിൻ എന്ന് പറഞ്ഞു (വാ. 6). "എന്നാൽ" "നെറ്റിയിൽ അടയാളമുള്ളവരെ തൊടരുത്" എന്ന് ദൈവം കൽപിച്ചിരുന്നു (വാ. 6). യെഹെസ്ക്കേലിന്റെ ദർശനത്തിൽ അടയാളമുള്ള[22] വിശ്വസ്തരെ സംരക്ഷിച്ചിരുന്നതു പോലെ, യോഹന്നാന്റെ ദർശനത്തിലെ വിശ്വസ്തരേയും സംരക്ഷിച്ചു.

ആളുകളെ മുദ്രയിടുന്നത് നിങ്ങൾക്ക് അസാധാരണമായി *തോന്നി*യേക്കാം. സാധാരണ വസ്തുക്കളാണ് മുദ്രയിടുന്നത്,[23] പക്ഷെ ഇവിടെ *ആളുകളെയാണ്* മുദ്രയിടുന്നത്. എങ്ങനെയായാലും, ആളുകളെ മുദ്രയിടുക എന്ന

ആശയം അന്നത്തെ ക്രിസ്ത്യാനികൾക്ക് പരിചയമുണ്ടായിരുന്നു, ഇന്നും അത് അങ്ങനെയാണ്. ഒരു വ്യക്തി സ്നാനം ഏൽക്കുമ്പോൾ, അയാളിൽ പരിശുദ്ധാത്മാവിനെ ദൈവം ദാനമായി നൽകുന്നു (പ്രവൃത്തികൾ 2:38; കൂടാതെ പ്രവൃത്തികൾ 5:32; ഗലാത്യർ 4:6 ഉം നോക്കുക), ആ ആത്മിയ മാറ്റത്തെ "മുദ്രയിടൽ" എന്നു പറഞ്ഞിരിക്കുന്നു. പൗലൊസ് എഴുതി "സുവിശേഷത്തിന്റെ സത്യവചനം കേട്ട് വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരെ തന്റെ പരിശുദ്ധാത്മാവിനാൽ *മുദ്രയിടുന്നു*" (എഫെസ്യർ 1:13; 14 എംഫസിസ് മൈൻ; കൂടാതെ എഫെസ്യർ 4:30; 2 കൊരിന്ത്യർ 1:21, 22).

പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു എന്ന വസ്തുത സൂചിപ്പിക്കുന്നത് (1 കൊരിന്ത്യർ 3:16; 2 തിമൊഥെയൊസ് 1:14) ഉടമസ്ഥാവകാശത്തെയും, പരിശുദ്ധിയെയും ആണ് (റോമർ 8:9), എന്നാൽ അത് ദൈവത്തിന്റെ കരുണയാലുള്ള ദാനത്തെയും കാണിക്കുന്നു (റോമർ 8:11, 26).[24] ഒന്നാം നൂറ്റാണ്ട് മുതൽ ഇപ്പോഴുള്ള ക്രിസ്ത്യാനികൾ വരെ ദൈവത്താൽ – മുദ്രയിടപ്പെട്ടിരിക്കുകയാണ് – അതുകൊണ്ട് സുരക്ഷിതരുമാണ്!

ഇത് നമ്മെ പാഠത്തിന്റെ കേന്ദ്ര ഭാഗത്തേക്ക് കൊണ്ടുവരുന്നു: *ഏതർത്ഥത്തിലാണ്* അവരെ സംരക്ഷിച്ചത്? വാളുകളും അമ്പുകളും തറെക്കാത്ത വിധത്തിൽ അവരുടെ ശരീരത്തെ മാറ്റുമോ? അവരുടെ കഴുത്തുകൾ മരണശിക്ഷ നടപ്പാക്കുന്നവരുടെ മഴു കയറാത്ത വിധത്തിൽ കഠിനമാക്കിതീർക്കുമോ? അവരുടെ ശരീരങ്ങളെ തീജ്വാല ദഹിപ്പിക്കാതവണ്ണം തീ ഏൽക്കാത്തവിധത്തിലാക്കുമോ? ചോദ്യത്തെ കൂടുതൽ വീടുകളിലേക്ക് അടുപ്പിച്ചാൽ, ഇന്ന് അർബ്ബുദം തുടങ്ങിയ മഹാവ്യാധികൾ ബാധിക്കാത്ത വിധത്തിലാണോ ക്രിസ്ത്യാനികളുടെ ശരീരങ്ങളെ മുദ്രയിടുന്നത്? ശരീരങ്ങളെ മുദ്രയിടുക എന്നു പറഞ്ഞാൽ വാഹനങ്ങളുടെ കൂട്ടിയിടി ഒഴിവാകുമെന്നാണോ? സാമ്പത്തികമായ വിപത്ത് യാദൃശ്ചികമായി ഒഴിവാക്കുന്നതാണോ മുദ്ര? പ്രായമാകുമ്പോഴത്തെ അപമാനം നമ്മിൽ ഓരോരുത്തരിൽനിന്ന് തനിയെ ഒഴിവാകുമോ? വിശ്വസ്തരായ ക്രിസ്ത്യാനികൾക്ക് ഒരിക്കലും കുടുംബചരിദ്രം ഉണ്ടാകുകയില്ലേ?

ആ ചോദ്യങ്ങൾക്കുള്ള ഉത്തരം എല്ലാവർക്കുമറിയാം. ജീവിതത്തിൽ ഉണ്ടാകുവാനിടയുള്ള എല്ലാ പ്രശ്നങ്ങളും ക്രിസ്ത്യാനികൾക്കുണ്ടാകുമെന്ന് തിരവെഴുത്തും നമ്മുടെ അനുഭവവും തെളിയിക്കുന്നു, കൂടാതെ ദൈവമക്കൾ സഹിക്കേണ്ട പ്രത്യേക പ്രശ്നങ്ങളും.[25] അദ്ധ്യായങ്ങൾ ഓരോന്നായുള്ള നമ്മുടെ ഇതുവരെയുള്ള പഠനത്തിൽ, ക്രിസ്ത്യാനികൾ കഷ്ടപ്പെടുന്നതായി നാം കണ്ടു (1:9; 2:10, 13; 3:10; 6:4, 6, 8–11). "ദൈവത്തിന്റെ പ്രത്യേകജനത്തെ മുദ്ര *ഏതർത്ഥത്തിലാണ്* സംരക്ഷിക്കുന്നത്?"

മുദ്രയുടെ *സ്ഥാനത്തിലാണ്*, ഉത്തരം കിടക്കുന്നതെന്നാണ്, ഞാൻ കരുതുന്നത്: "... ഞങ്ങളുടെ ദൈവത്തിന്റെ ദാസന്മാരുടെ *നെറ്റിയിൽ* ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം" (വാ. 3; എംഫസിസ് മൈൻ; കൂടാതെ 9:4; 14:1; 22:4 നോക്കുക). അതിനർത്ഥം അവരുടെ നെറ്റിയിൽ ദൈവം-അംഗീകരിച്ച ചിഹ്നം[26] ഉണ്ടായിരുന്നു എന്നല്ല. പിന്നീട് നാം വായിക്കുന്നത്, മൃഗത്തെ നമസ്ക്കരിച്ചവർക്ക് "അവരുടെ നെറ്റിമേലോ കൈമേലോ മുദ്രയിട്ടിരുന്നു" (13:16; കൂടാതെ 14:9; 20:4 നോക്കുക).[27] വിശ്വാസികൾക്ക് വെള്ളനിറത്തിലുള്ളതും അവിശ്വാസികൾക്ക് വികൃതമായ മഞ്ഞനിറത്തിലുള്ള അടയാളവുമായിരുന്നെങ്കിൽ കൊള്ളാമായിരുന്നു, എന്നാൽ അത് അങ്ങനെയല്ല.

പിന്നെ, എന്താണ്, അവരുടെ "നെറ്റിയിലെ മുദ്രക്കുള്ള" പ്രാധാന്യം? ആ

വിശദീകരണത്തെ മിക്ക വ്യാഖ്യാതാക്കളും അവഗണിച്ചിരിക്കയാണ്. അവർ പറയുകയാണെങ്കിൽ നെറ്റിയുടെ പ്രാധാന്യത്തെ ഊന്നി പറയും, അല്ലെങ്കിൽ നെറ്റി മുഖത്തെ പ്രകടമാക്കുന്ന ഭാഗമാണെന്ന് പറയും. നെറ്റിയുടെ ആലങ്കാരിക ഊന്നലിന്റെ അർത്ഥം റോബെർട്ട് മുൾഹോട്ട്ലന്റ് "*ഗ്രഹണശക്തിയുടെ* കേന്ദ്രം"[28] എന്ന് മനസിലാക്കിയെന്നാണ് ഞാൻ വിശ്വസിക്കുന്നത്. നിങ്ങളും ഞാനും *നെറ്റിയിൽ തൊടുമ്പോൾ* എന്താണ് സൂചിപ്പിക്കുന്നത്? നമ്മുടെ മനസിനെയാണ്. ദൈവജനത്തിന്റെ "നെറ്റിയിൽ" മുദ്രയിടൽ അർത്ഥമാക്കുന്നത്, അവരുടെ *മനസുകളിലും*, ഹദയങ്ങളിലും സുരക്ഷിതത്വം നൽകിയിരിക്കുന്നു എന്നാണെന്ന് ഞാൻ മനസിലാക്കുന്നു.

(*പ്രിയ വായനക്കാരാ, ഈ പോയിന്റ് ഞാൻ ഊന്നി പറയട്ടെ: താഴെ കൊടുത്തിരിക്കുന്ന ചർച്ചയിൽ ഓരോ സമയത്തും നിങ്ങൾ "ടിവൈഎഫ്" കാണുമ്പോൾ, നിന്നു, നിങ്ങളുടെ നെറ്റിയിൽ തൊടുക. ഇനി മുൻപിലെ ഖണ്ഡിക വീണ്ടും വായിക്കുക, ഓരോ ചരിച്ചുള്ള വാക്കുകളും വായിച്ച് നെറ്റിയിൽ തൊടുകയും, അങ്ങനെ താഴെയുള്ള ഖണ്ഡികയും വായിക്കുക.)*

ദൈവജനത്തിന്റെ നെറ്റിയിലെ മുദ്രയും മൃഗത്തെ പിൻപറ്റിയവരുടെ നെറ്റിമേലും കൈമേലും ഉള്ള അടയാളവും എന്നെ ആവർത്തനപുസ്തകം 6 ആണ് ഓർപ്പിക്കുന്നത്. അവിടെ യിസ്രായേൽ മക്കളോട് പറഞ്ഞു, "ഇന്നു ഞാൻ ... നിന്നോട് കൽപിക്കുന്ന വചനം നിന്റെ ഹൃദയത്തിൽ ഇരിക്കേണം; ... അവയെ അടയാളമായി നിന്റെ കൈമേൽ കെട്ടേണം, അവ നിന്റെ *കണ്ണുകൾക്ക് മദ്ധ്യേ* പട്ടമായിരിക്കേണം" (6-8; എംഫസിസ് മൈൻ). (ടിവൈഎഫ്.) യെഹൂദന്മാർ അതിനെ അക്ഷരികമായി എടുത്ത്, ചെറിയ പെട്ടികളിൽ ചെറിയ കയ്യെഴുത്തുപ്രതികളിട്ട് - നെറ്റിയിലും കൈകളിലും കെട്ടുമായിരുന്നു.[29] എങ്ങനെയായാലും, പ്രധാന പ്രയോഗം "നിങ്ങളുടെ *ഹൃദയത്തിൽ*" - എന്നതാണെന്നും, വചനം അവരുടെ കൈമേലും നെറ്റിമേലും "കെട്ടുന്നത്" അർത്ഥമാക്കുന്നത് വചനം അവരുടെ ഉള്ളിൽ ഉണ്ടെങ്കിൽ അവരുടെ *ചിന്തയും* (ടിവൈഎഫ്) നിയന്ത്രിക്കപ്പെടുമെന്ന് മിക്കപേരും മനസിലാക്കും. അതുപോലെ, വിശ്വാസികളെ മുദ്രയിടുന്നതും, അവിശ്വാസികളുടെ നെറ്റിയിൽ അടയാളപ്പെടുത്തുന്നതും സൂചിപ്പിക്കുന്നത്, അവരുടെ ചിന്താനടപടികളെ (ടിവൈഎഫ്) ബാധിച്ചിരുന്നു എന്നാണ്!

ഞാൻ പറയുവാൻ പോകുന്നത് തെറ്റിദ്ധരിക്കരുത്. തന്റെ ജനത്തിന് വേണ്ടിദൈവം വ്യക്തിപരമായി ഇടപെട്ട് പ്രവർത്തിക്കുമെന്ന് വചനം അറിയുന്ന എല്ലാവർക്കുമറിയാം. ആന്തരികശക്തിയും അവൻ വാഗ്ദാനം ചെയ്തിട്ടുണ്ട് (എഫെസ്യർ 3:20). നമുക്ക് കൈകാര്യം ചെയ്യുവാൻ കഴിയുന്നതിനപ്പുറമായിരിക്കയില്ല നമ്മുടെ പരീക്ഷണങ്ങൾ എന്നും അവൻ വാഗ്ദാനം ചെയ്തിട്ടുണ്ട് (1കൊരിന്ത്യർ 10:13). സംഭവിക്കുന്നതെല്ലാം തന്നെ സ്നേഹിക്കുന്നവരുടെ നന്മക്കായി വ്യാപരിക്കുമെന്നും അവൻ പറഞ്ഞിട്ടുണ്ട് (റോമർ 8:28). എന്നിരുന്നാലും, പലപ്പോഴും പ്രശ്നങ്ങളാലുള്ള ഉയർച്ചയും താഴ്ച്ചയും നമ്മുടെ *മനോഭാവം* അനുസരിച്ചാണിരിക്കുന്നത് (ടിവൈഎഫ്). മറ്റൊരു വാക്കിൽ പറഞ്ഞാൽ: മുൻപ് പറഞ്ഞ വാഗ്ദാനങ്ങളിൽ *വിശ്വസിക്കുന്ന* ക്രിസ്ത്യാനി (ടിവൈഎഫ്) ജീവിതകൊടുങ്കാറ്റിനെ അതിജീവിക്കും; വിശ്വസിക്കാത്തവൻ അതേ കൊടുങ്കാറ്റിനിരയാവുകയും ചെയ്യും.

എന്റെ പോയിന്റ് ചിത്രീകരിക്കുവാൻ, പീഢയോടും പ്രത്യേകിച്ച് മരണത്തോടുമുള്ള പൗലൊസിന്റെ മനോഭാവം പരിഗണിക്കുക:

> അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും, ഞങ്ങളുടെ അകമെയുള്ള വൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു, നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസിന്റെ നിത്യഘനം, ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു. കാണുന്നതു താൽക്കാലികം കാണാത്തതോ നിത്യം.
>
> കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ, കൈപ്പണിയല്ലാത്ത നിത്യഭവനമായി, ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്ക് സ്വർഗത്തിൽ ഉണ്ടെന്ന് അറിയുന്നു (2 കൊരിന്ത്യർ 4:16 – 5:1).

മരണശിക്ഷക്കു വിധിക്കപ്പെട്ടപ്പോൾ അപ്പൊസ്തലൻ പറഞ്ഞു,

> ഞാനോ ഇപ്പോൾ തന്നെ പാനിയയാഗമായി ഒഴിക്കപ്പെടുന്നു, എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കും നൽകും. എനിക്ക് മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച എവർക്കും കൂടെ (2തിമൊഥെയൊസ് 4:6-8).

ഡൊണാൾഡ് ബാൺഹൗസ് എന്ന ഉപദേഷ്ടാവിന്റെ ഭാര്യ അവളുടെ മുപ്പതുകളിൽ അർബ്ബുദം ബാധിച്ച് പല കുട്ടികളെ വിട്ടിട്ട് മരണമടഞ്ഞു. ശവസംസ്ക്കാരത്തിലേക്കുള്ള വഴിയിൽ ബാൺഹൗസും അദ്ദേഹത്തിന്റെ കുട്ടികളും യാത്ര ചെയ്ത കാറിനെ മറികടന്ന് ഒരു ട്രക്ക് പോയപ്പോൾ ഒരു നിഴൽ പിന്നിട്ടപ്പോൾ അദ്ദേഹം തന്റെ മകളോട് ചോദിച്ചു, "ആ ട്രക്ക് നിങ്ങളുടെ ദേഹത്തുകൂടെ പോകുന്നതാണോ അതോ അതിന്റെ നിഴൽ കയറുന്നതാണോ നിനക്കിഷ്ടം?" അവൾ പറഞ്ഞു, "തീർച്ചയായും നിഴൽ! കാരണം ഒരു നിഴൽ നിങ്ങൾക്ക് ഒരു കേടും വരുത്തുകയില്ല" ആ ഉപദേഷ്ടാവ് തലയാട്ടി പറഞ്ഞു, "നിന്റെ അമ്മയെ മരണം കയറുകയായിരുന്നില്ല, മരണത്തിന്റെ നിഴൽ മാത്രമാണ് അവളിൽകൂടെ കടന്നു പോയത്." ശവസംസ്ക്കാരത്തിൽ അദ്ദേഹം സങ്കീർത്തനങ്ങൾ 23:4 പ്രസംഗിക്കയുണ്ടായി: "കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല, നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലൊ."[30]

അപ്പൊസ്തലനായ പൗലൊസിന്റെ പ്രസ്താവനയാണ് ബാൺഹൗസ് തിരിച്ചറിയിക്കുന്നത്. അപ്പൊസ്തലനെ മുദ്രയിട്ടിരുന്നു (ടിവൈഎഫ്); അവൻ സംരക്ഷിക്കപ്പെട്ടിരുന്നു (ടിവൈഎഫ്) അത്തരം മനോഭാവമുള്ള (ടിവൈഎഫ്) ഒരു വ്യക്തിയെയും വ്രണപ്പെടുത്തുവാൻ സാധ്യമല്ല!

എന്റെ ചിന്തകൾ ഒരുപടികൂടെ മുൻപോട്ട് പോയി വെളിപ്പാട് പുസ്തകം മൊത്തത്തിലും, വെളിപ്പാട് 7 ലെ സമാനത പറഞ്ഞിരിക്കുന്നതും നോക്കുവാൻ പോകയാണ്. (1) യോഹന്നാൻ വെളിപ്പാട് എഴുതുന്ന സമയത്ത്, മോശമായ ഉപദ്രവം വരുവാനിരിക്കുന്നുണ്ടായിരുന്നു (ഉദാഹരണത്തിന് 3:10 നോക്കുക), ക്രിസ്ത്യാനികൾ ആ ഉപദ്രവത്തിൽകൂടെ സുരക്ഷിതരായി വരേണ്ടതിനായി

രുന്നു വെളിപ്പാട് എഴുതിയത് (2:10 നോക്കുക). (2) വെളിപ്പാട് 7-ൽ, ഭൂമിയിൽ വലിയ കാറ്റ് അടിക്കുവാനിരിക്കുന്നു. ക്രിസ്ത്യാനികളെ മുദ്രയിട്ടിരുന്നതു കൊണ്ട്, വരുവാനിരുന്ന ഭയങ്കര സംഭവങ്ങളെ അതിജീവിക്കുവാൻ അവർക്ക് കഴിയുമായിരുന്നു. വെളിപ്പാട് പുസ്തകം മൊത്തത്തിൽ എഴുതിയതിന്റെ കാരണം, വരുവാനിരിക്കുന്ന കുഴപ്പത്തിൽ നിന്നു ദൈവജനത്തെ സംരക്ഷിക്കുന്നതിനായിരുന്നു.

യുദ്ധസജ്ജമായ ക്രിസ്ത്യാനികൾ വെളിപ്പാടിലെ[31] തത്വങ്ങൾ ഉൾക്കൊണ്ടാൽ, അവരുടെ ചിന്തയും (ടിവൈഎഫ്) ജീവിതപ്രവൃത്തികളും നാശത്തെ അതിജീവിക്കുവാൻ അവരെ സഹായിക്കും. നിങ്ങൾക്ക് വേണ്ടിയുള്ള ദൈവത്തിന്റെ "മുദ്ര" യുടെ ഭാഗമാണ് ഈ പരമ്പര എന്നാണെന്റെ വിശ്വാസം. പുസ്തകം പഠിപ്പിക്കുന്നത് നിങ്ങളുടെ ഹൃദയത്തിൽ നിക്ഷേപമായി സൂക്ഷിക്കുക (ടിവൈഎഫ്)!

## സംരക്ഷിക്കപ്പെട്ടവരുടെ ഒരു ലിസ്റ്റ് ദൈവത്തിനുണ്ട്
## തനിക്കുള്ളവരെ അവൻ അറിയുന്നു (7:4-8)

ഈ പഠനം നിർത്തുവാനുള്ള നല്ല സ്ഥാനം അതാണ് – എന്നാൽ നമുക്ക് ഇനിയും അഞ്ചു വാക്യങ്ങളും ഒരു പാഠവും പഠിക്കുവാനായിട്ടുണ്ട്. പലരും പുസ്തകത്തിൽ, സങ്കീർണ്ണമെന്ന് കരുതുന്നവയിൽ അവസാനത്തെ അഞ്ചു വാക്യങ്ങൾ:

> മുദ്രയേറ്റവരുടെ എണ്ണവും ഞാൻ കേട്ടു,[32] യിസ്രായേൽമക്കളുടെ സകല ഗോത്രത്തിലുംനിന്നു മുദ്രയേറ്റവർ നൂറ്റിനാൽപത്തി-നാലായിരം പേർ. യെഹൂദാഗോത്രത്തിൽ മുദ്രയേറ്റവർ പന്തീരായിരം, രൂബേൻ ഗോത്രത്തിൽ പന്തീരായിരം, ഗാദ് ഗോത്രത്തിൽ പന്തീരായിരം, ആശേർ ഗോത്രത്തിൽ പന്തീരായിരം, നപ്താലി ഗോത്രത്തിൽ പന്തീരായിരം, മനശ്ശെ ഗോത്രത്തിൽ പന്തീരായിരം, ശിമെയോൻ ഗോത്രത്തിൽ പന്തീരായിരം, ലേവി ഗോത്രത്തിൽ പന്തീരായിരം, യിസാഖാർ ഗോത്രത്തിൽ പന്തീരായിരം, സെബൂലോൻ ഗോത്രത്തിൽ പന്തീരായിരം, യോസേഫ് ഗോത്രത്തിൽ പന്തീരായിരം, ബെന്യാമീൻ ഗോത്രത്തിൽ മുദ്രയേറ്റവർ പന്തീരായിരം പേർ (വാ. 4-8)

ആ വേദഭാഗം അക്ഷരികമായ യെഹൂദന്മാരെയാണ്[33] പറയുന്നതെന്നാണ് ചിലർ ശഠിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന നിബന്ധനകളോടുകൂടി നിങ്ങൾക്ക് ആ തീരുമാനത്തിലെത്തുവൻ *കഴിയുക*യുള്ളു എന്നാണ് ഞാൻ കരുതുന്നത് –

(1) യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ കുറിച്ച് നിങ്ങൾക്ക് ഒന്നും അറിയില്ലെങ്കിൽ.

(2) പത്തു ഗോത്രങ്ങൾ ബി. സി. 722 ലും[34] രണ്ടു ഗോത്രങ്ങൾ ഏ. ഡി. 70 ലും[35] അവയുടെ തിരിച്ചറിയൽ നഷ്ടപ്പെട്ടു എന്നറിഞ്ഞിട്ടില്ലെങ്കിൽ.

(3) അവയുടെ എണ്ണം തിട്ടപ്പെടുത്തുവാനോ, ഗോത്രങ്ങളെ തമ്മിൽ വേർതിരിക്കുവാനോ, കഴിയാത്ത വിധത്തിൽ ആയി എന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലെങ്കിൽ.[36]

(4) ദേശീയത കർത്താവിന് പ്രാധാന്യമുള്ളതല്ല എന്ന് നിങ്ങൾ അറി

ഞ്ഞിട്ടില്ലെങ്കിൽ. പൗലൊസ് എഴുതി, "യെഹൂദൻ എന്നും യവനൻ എന്നും വ്യത്യാസമില്ല. എല്ലാവർക്കും കർത്താവ് ഒരുവൻ തന്നേ. അവൻ തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നൽകുവാന്തക്കവണ്ണം സമ്പന്നൻ ആകുന്നു" (റോമർ 10:12); "അതിൽ യെഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല, നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രെ" (ഗലാത്യർ 3:28). ബർട്ടൻ കോഫ്മാൻ എഴുതി,

> ദൈവം പറയുവാൻ പോകുന്നതെല്ലാം യെഹൂദന്മാരെ കുറിച്ചാണെന്ന് പറയുന്നത് നിഷ്ഫലവും, തെറ്റിദ്ധരിപ്പിക്കുന്നതും, [പുതിയനിയമത്തിലെ] മറ്റെല്ലാ ഭാഗങ്ങൾക്കുമെതിരുമാണ്. ദൈവത്തിന്, ഇറാനോടോ, ഫ്രാൻസിനോടോ, ഇംഗ്ലണ്ടിനോടോ, ജപ്പാനോടോ ഉള്ളതിനേക്കാൾ പ്രത്യേകമായ ദേശിയ പദ്ധതി യെഹൂദന്മാരോട് ഇല്ല.[37]

പന്ത്രണ്ട് ഗോത്രങ്ങൾ ഭൗതിക യെഹൂദന്മാരെയല്ല, സൂചിപ്പിക്കുന്നതെങ്കിൽ, പിന്നെ എന്താണ് അർത്ഥമാക്കുന്നത്? വെളിപ്പാട് പുസ്തകത്തിൽപഴയനിയമവാക്കുകൾ ഉപയോഗിക്കുമ്പോൾ, "പിണയൽ" നോക്കണമെന്ന്, മുഖവുര പാഠത്തിൽ ഞാൻ പറയുകയുണ്ടായി.[38] വെളിപ്പാട് 7-ൽ കൊടുത്ത ഗോത്രങ്ങളുടെ ലിസ്റ്റിൽ എന്തെങ്കിലും അസാധാരണത്വം കാണുന്നുണ്ടോ എന്ന് നോക്കുക:

> യെഹൂദാ, രൂബേൻ, ഗാദ്, ആശേർ, നഫ്താലി, മനശ്ശെ,[39] ശിമെയോൻ, ലേവി, യിസാഖാർ, സെബൂലോൻ, യോസേഫ്, ബെന്യാമീൻ.

ആ ലിസ്റ്റിൽ യെഹൂദാ ആദ്യം വരുന്നത് അസാധാരണമായിരിക്കുന്നു – ആ സ്ഥാനം എപ്പോഴും, ആദ്യ – ജാതനായ രൂബേനുള്ളതായിരുന്നു.[40] എഫ്രയിമിനേയും ദാനിനേയും പുറന്തള്ളി യോസേഫിനേയും ലേവിയേയും ഉൾപ്പെടുത്തിയത് അതിലും അസാധാരണമായിരിക്കുന്നു. യാക്കൊബിന്റെ പന്ത്രണ്ടു മക്കളിൽ ഒരാളായിരുന്നു ലേവി, അവന്റെ പിൻഗാമികളെ "പുരോഹിത ഗോത്രം" എന്നു വിളിച്ച് അവരെ ഗോത്രങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല (സംഖ്യാപുസ്തകം 18:20–24; യോശുവ 13:14 നോക്കുക). തിരിച്ച് ഗോത്രങ്ങൾ പന്ത്രണ്ട് ആക്കുവാൻ, യോസേഫിന്റെ രണ്ട് മക്കളായിരുന്ന എഫ്രയിമിനേയും മനശെയെയും ആണ് മറ്റു രണ്ട് ഗോത്രങ്ങളായി കണക്കാക്കിയിരുന്നത്.

**യിസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങൾ**

യാക്കൊബ് (യിസ്രായേൽ)

| യാക്കോബിന്റെ പുത്രന്മർ (ജനനക്രമത്തിൽ) | പന്ത്രണ്ട് ഗോത്രങ്ങൾ |
|---|---|
| രൂബേൻ | രൂബേൻ |
| ശിമെയോൻ | ശിമെയോൻ |
| ലേവി* | |
| യെഹൂദാ | യെഹൂദാ |
| ദാൻ | ദാൻ |
| നപ്താലി | നപ്താലി |
| ഗാദ് | ഗാദ് |
| ആശേർ | ആശേർ |
| യിസ്സാഖാർ | യിസ്സാഖാർ |
| സെബൂലോൻ | സെബുലോൻ |
| യോസേഫ് | എഫ്രെയിം |
| | മനശ്ശെ |
| ബെന്യാമീൻ | ബെന്യാമീൻ |

*പുരോഹിത ഗോത്രമായതുകൊണ്ട്, ലേവിയുടെ പിൻഗാമികൾക്ക് മറ്റു ഗോത്രക്കാർക്കുള്ള അവകാശം ദേശത്തിൽ ഇല്ലായിരുന്നു.

എങ്ങനെയായാലും, വെളിപ്പാട് 7 ലെ ലിസ്റ്റിൽ, ലേവിയെയും ഉൾപ്പെടുത്തിയിരിക്കുന്നു – എന്നാൽ ദാനും, യാക്കൊബിന്റെ മറ്റൊരു മകനും ഒഴിവാക്കപ്പെട്ടിരിക്കുന്നു. കൂടാതെ എഫ്രയിമിന്റെ[41] സ്ഥാനത്ത് യോസേഫിനെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആ പ്രാധാന്യമുള്ള "പിണയൽ" സൂചിപ്പിക്കുന്നത് എന്തെന്നാൽ, ആ വേദഭാഗം അക്ഷരികമായ യെഹൂദന്മാരെയല്ല[42] പറയുന്നത് എന്നാണ്.

പിന്നെ, എന്തിനെയാണ്, ആ വേദഭാഗം അർത്ഥമാക്കുന്നത്? വാക്യം 1 മുതൽ 3 വരെയുള്ള നമ്മുടെ പഠനത്തിൽ, അത് *ക്രിസ്ത്യാനികളെ* മുദ്രയിട്ടിരിക്കുന്നതാണെന്ന് നാം ഊന്നി പറഞ്ഞിരിക്കുന്നു. 1:1-ൽ പറഞ്ഞിരിക്കുന്ന അതേ അർത്ഥമാണ് വാക്യം 3 ലെ "ദൈവ-ദാസന്മാർ" എന്നതിനുള്ളത്. യെഹൂദന്മാരായാലും, ജാതികളായാലും, ഉപദ്രവിക്കപ്പെട്ട *ക്രിസ്ത്യാനികളെ* ആശ്വസിപ്പിക്കുക എന്നതാണ് പുസ്തകം എഴുതിയതിന്റെ ഉദ്ദേശം.[43]

അത് മറ്റൊരു ചോദ്യത്തെ ഉയർത്തുന്നു: വാക്യം 4 മുതൽ 8 വരെ പറഞ്ഞിരിക്കുന്നത് ക്രിസ്ത്യാനികളെയാണെങ്കിൽ പിന്നെ, എന്തിനാണ് *യെഹൂദ* ഗോത്രങ്ങളെ ആലങ്കാരികമായി ഉപയോഗിച്ചത്?

(1) ക്രിസ്തീയ ചിന്തകളെയും ആശയങ്ങളെയും സൂചിപ്പിച്ചുകൊണ്ട് വെളിപ്പാട്പുസ്തകത്തിലുടനീളം ഉപയോഗിച്ച യെഹൂദ വാക്കുകൾ ആ അലങ്കാരത്തോട് യോജിക്കുന്നതാണ്.

(2) സഭ ആത്മിയ യിസ്രായേൽ ആണെന്ന പുതിയനിയമോപദേശത്തോട് യോജിക്കുന്നതാണ് അലങ്കാരം. വെളിപ്പാടിന്റെ 2 ഉം 3 ഉം അദ്ധ്യായങ്ങൾ പറയുന്നത് *യെഹൂദന്മാർ എന്നു പറയുന്നവർ യെഹൂദന്മാരല്ല* എന്നാണ് (2:9;

കൂടാതെ 3:9 ഉം നോക്കുക). യേശു മശിഹയാണെന്ന് വിശ്വസിക്കാതെ തള്ളിക്കളഞ്ഞവരായിരുന്നു *ഭൗതിക* യെഹൂദന്മാർ എന്ന് ആ വേദഭാഗങ്ങൾ പഠിച്ചപ്പോൾ നാം കാണുകയുണ്ടായി.[44] അതുമായ ബന്ധത്തിൽ, റോമർ 2:28, 29 ഉദ്ധരിച്ചിരുന്നു: "പുറമെ യെഹൂദനായവൻ യെഹൂദനല്ല, പുറമെ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല. അകമേ യെഹൂദനായവനത്രേ യെഹൂദൻ; അക്ഷരത്തിലല്ല, ആത്മാവിലുള്ള ഹൃദയപരിച്ഛേദനയത്രേ പരിച്ഛേദന. അവന്ന് മനുഷ്യരാലല്ല, ദൈവത്താലത്രേ പുകഴ്ച്ച ലഭിക്കും ..." (ആർഎസ്‌വി).

"അബ്രഹാമിന്റെ സന്തതികളായതുകൊണ്ടു മാത്രം" ഇനി യെഹൂദന്മാർ ദൈവത്തിന്റെ പ്രത്യേകജനം ആയിരിക്കയില്ല (റോമർ 9:7; കൂടാതെ വാ. 6 ഉം നോക്കുക). മറിച്ച്, ഇപ്പോൾ അബ്രഹാം "*വിശ്വസിക്കുന്നവരുടെ എല്ലാം* പിതാവാണ്" (റോമർ 4:11; എംഫസിസ് മൈൻ; കൂടാതെ ഗലാത്യർ 3:7, 29 ഉം നോക്കുക). ഇന്ന് സഭയെയാണ് "ദൈവത്തിന്റെ യിസ്രായേൽ" എന്ന് വിളിക്കുന്നത് (ഗലാത്യർ 6:16). "ദൈവത്തിന്റെ ആത്മാവ് കൊണ്ടു ആരാധിക്കയും, ക്രിസ്തുയേശുവിൽ പ്രശംസിക്കയും ജഡത്തിൽ പ്രശംസിക്കാതിരിക്കുകയും ചെയ്യുന്ന," "ആളുകളാണ്" *വാസ്തവത്തിലുള്ള* പരിച്ഛേനക്കാർ (ഫിലിപ്പിയർ 3:3; എംഫസിസ് മൈൻ).

(3) ദൈവം യിസ്രായേലിൽകൂടെ നിറവേറ്റുവാൻ രൂപപ്പെടുത്തിയ പദ്ധതി നിറവേറ്റുന്നതാണ് സഭ. പഴയനിയമത്തിൽ യിസ്രായേലിനെ ഉദ്ദേശിച്ച് പറഞ്ഞിരിക്കുന്നവയെല്ലാം ഇന്ന് സഭയ്ക്ക് പ്രയോഗിക്കാവുന്നതാണ്: സഭ "ദൈവത്തിന്റെ സ്വന്തജനവും" (എഫെസ്യർ 1:14; കൂടാതെ തീത്തൊസ് 2:14 ഉം നോക്കുക) വിശുദ്ധജനവുമാണ് (1 പത്രൊസ് 2:9).

പന്ത്രണ്ട് ഗോത്രങ്ങൾ സഭയാണെന്ന് പറഞ്ഞാലും എല്ലാ ബുദ്ധിമുട്ടും നീങ്ങുകയില്ല. നമുക്ക് ഇനിയും ചുരുളഴിക്കേണ്ട "നൂറ്റിനാൽപത്തിനാലായിരം" എന്ന സംഖ്യയുണ്ട് (വാ. 4). ആ സംഖ്യ അക്ഷരികമായി എടുക്കാനാണ് ചിലർ താൽപര്യപ്പെട്ടിട്ടുള്ളത്.[45] ചിലർ പറയുന്നതനുസരിച്ച്, 144,000 പേർ "ഉയർന്ന-വിശുദ്ധരും," അവരെ സ്വർഗത്തിലേക്ക് പോകുവാൻ അനുവദിക്കയും, ശേഷിച്ച "സാധാരണക്കാരായവർ" - അറ്റകുറ്റ പണികൾ പൂർത്തിയാകുന്നതുവരെ കാത്തിരിക്കേണ്ടിയിരിക്കുന്നു.[46]

ഈ സമയമായപ്പോഴേക്കും, വെളിപ്പാടു പസ്തകത്തിൽ സംഖ്യകൾ ആലങ്കാരികമായി ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിച്ചിരിക്കുമല്ലൊ, നിങ്ങൾ തെറ്റിപ്പോകാതിരിക്കുവാൻ അത് സഹായിക്കും.[47] പൂർണ്ണതയുടെ സംഖ്യയാണ് "പന്ത്രണ്ട്," അതുകൊണ്ട്, "144" (പന്ത്രണ്ട് ഗുണം പന്ത്രണ്ട്) എന്നത് "പൂർണ്ണതയുടെ പൂർണ്ണതയെയാണ്" കാണിക്കുന്നത്. "ഒരായിരം" എന്നത് മറ്റൊരു പൂർണ്ണതയുടെ സംഖ്യയായതുകൊണ്ട്, "144,000" പൂർണ്ണതക്ക് വേണ്ടിയുള്ള മറ്റൊരു സംഖ്യയാണ്, "144,000" (144 x 1,000) എന്നത് സൂചിപ്പിക്കുനന്നത് "വർദ്ധിപ്പിച്ച പൂർണ്ണതയെയാണ്," "അത് അത്രതന്നെ, ഇനിയില്ല!"

അപ്പോൾ, പിന്നെ, "144,000," എന്ന സംഖ്യയിൽനിന്ന് എന്താണ് പഠിക്കുന്നത്? പാഠം ഇതാണ്: എല്ലാ ദൈവജനത്തെയും മുദ്രയിട്ടിരിക്കുന്നു. ദൈവം തന്റെ മക്കളെ എല്ലാം അംഗീകാരമുദ്രയിട്ട് സംരക്ഷിക്കുമ്പോൾ, അവന്റെ ഒരൊറ്റ വ്യക്തിപോലും നഷ്ടമാകുകയില്ല; അവൻ എല്ലാവരേയും മുദ്രയിട്ടിരിക്കുന്നു! നമുക്ക് ആ സത്യം കൂടുതൽ വ്യക്തിപരമാക്കാം: നിങ്ങൾ രാജാവിന്റെ മകൻ ആണെങ്കിൽ, നിങ്ങൾ അവഗണിക്കപ്പെടുകയില്ല. നിങ്ങളെ മുദ്രയിട്ടിരിക്കുന്നു.

ദൈവത്തിന് ആരും വിട്ടുപോകയില്ല എന്ന വസ്തുത തെളിയിക്കുന്നത്

അവൻ തനിക്കുള്ളവരെ *അറിയുന്നു* എന്നാണ്. മുദ്രയിടൽ എന്ന അലങ്കാരത്തിൽനിന്ന് ഈ വലിയ സത്യം നാം പഠിക്കേണ്ടിയിരിക്കുന്നു. അദ്ധ്യായം 14-ൽ സീയോൻ മലയിൽ, കുഞ്ഞാടിനോടുകൂടെ 144,000 പേർ നിൽക്കുന്നത് "അവന്റെ *നാമവും പിതാവിന്റെ നാമവും* നെറ്റിയിൽ എഴുതിക്കൊണ്ടാണ്" (14:1; എംഫസിസ് മൈൻ). എന്റെ പേരുള്ള സീൽ അടിച്ച ഒരു ബൈബിൾ എന്റെ കയ്യിലുണ്ട്. അത് *എന്റേതാണ്*, മറ്റാരുടേതുമല്ല എന്നാണ് തെളിയിക്കുന്നത്.

അദ്ധ്യായം 14 നാം പഠിക്കുമ്പോൾ ആ ചിന്ത കൂടുതലായി നാം മനസിലാക്കും. ഇപ്പോൾ ഞാൻ 2 തിമൊഥെയൊസ് 2:19 ഉപയോഗിച്ച് എന്റെ പോയിന്റ് ചുരുക്കുവാൻ ആഗ്രഹിക്കുന്നു: "ആ *മുദ്ര*യോടുകൂടി, ദൈവത്തിന്റെ ഉറച്ച അടിസ്ഥാനം നിലനിൽക്കുന്നു, '*കർത്താവ് തനിക്കുള്ളവരെ അറിയുന്നു*' " (എംഫസിസ് മൈൻ). നിങ്ങൾ ഒരു ദൈവപൈതലാണെങ്കിൽ, അവൻ നിങ്ങളെ അറിയുന്നു (നഹും 1:7; യോഹന്നാൻ 10:14). നിങ്ങളുടെ പുറവും അകവും അവൻ അറിയുന്നു. നിങ്ങളുടെ ശക്തികളും ബലഹീനതകളും അവൻ അറിയുന്നു. നിങ്ങൾ ചോദിക്കുന്നതിന് മുൻപ് നിങ്ങളുടെ ആവശ്യങ്ങൾ അവൻ അറിയുന്നു (മത്തായി 6:8). നിങ്ങളുടെ തലയിലെ മുടിപോലും എത്രയുണ്ടെന്ന വിധത്തിൽ അവൻ നിങ്ങളെ അടുത്തറിയുന്നു (മത്തായി 10:30)!

വീണ്ടും, പറയട്ടെ നിങ്ങൾ കർത്താവിന്ന് പ്രത്യേകതയുള്ളയാളാണ്.

**ഉപസംഹാരം**

1 മുതൽ 8 വരെയുള്ള വാക്യങ്ങൾ വീണ്ടും വായിക്കുക (പ്രത്യേകിച്ച് വാക്യങ്ങൾ 1 മുതൽ 3 വരെ). ആ വാക്യങ്ങൾ മൊത്തത്തിൽ എന്ത് പ്രതീതിയാണ് നിങ്ങളിൽ ഉളവാക്കുന്നത്? ദൈവം തന്റെ ദാസന്മാരെ സംരക്ഷിക്കത്തക്കവണ്ണം, അവൻ കരുതലുള്ളവനല്ലേ? എന്റെ പ്രദേശത്ത് ഞങ്ങൾ പറയും, "ഒപ്പിട്ട്, സീലടിച്ച്, വിതരണം ചെയ്തു."[48] ഈ പാഠത്തിൽ, ദൈവം ക്രിസ്ത്യാനികളെ *മുദ്രയിട്ടത്*, അവൻ അവരോടുകൂടെ ഇരുന്ന് അവരെ സംരക്ഷിക്കുമെന്നതിന്റെ അടയാളമായിട്ടാണ്. അടുത്ത പാഠത്തിൽ, അതിന്റെ ഫലമായി ക്രിസ്ത്യാനികളെ അവൻ *വിടുവിക്കുന്നതായും* കാണാം.

ഞാൻ ഇതു നിർത്തുമ്പോൾ, "നിങ്ങളെ മുദ്രയിട്ടിട്ടുണ്ടോ?" എന്ന് ഞാൻ ചോദിക്കണം. നമ്മുടെ പാഠത്തിൽ, ആളുകൾ പാപമോചനത്തിനായി സ്നാനം (വെള്ളത്തിൽ മുങ്ങൽ) ഏൽക്കുമ്പോൾ ദൈവം തന്റെ ആത്മാവിനെ ദാനമായി നൽകുന്നു എന്ന് നാം കാണുകയുണ്ടായി (പ്രവൃത്തികൾ 2:38) - ആ മാറ്റം ദൈവിക മുദ്രയാണെന്നും പറയുകയുണ്ടായി (എഫെസ്യർ 1:13, 14). പുതിയനിയമം പഠിപ്പിക്കുന്നതുപോലെ നിങ്ങൾ സ്നാനം ഏറ്റിട്ടില്ലെങ്കിൽ, നിങ്ങളെ മുദ്രയിട്ടിട്ടില്ല; ദൈവം നിങ്ങളെ സംരക്ഷിക്കുമെന്ന വാഗ്ദാനവും നിങ്ങൾക്ക് ലഭിച്ചിട്ടില്ല.

ഒരു കൊടുങ്കാറ്റിന്റെ ചിത്രീകരണവുമായാണ് ഞാൻ ഈ പാഠം ആരംഭിച്ചത്. ഒരുപക്ഷെ നിങ്ങൾ ഭൗതികവും അല്ലാത്തതുമായ പല കൊടുങ്കാറ്റുകളിലും അകപ്പെട്ടിരിക്കാം. ജീവിതത്തിലെ കൊടുങ്കാറ്റുകൾ നിഷ്ഠൂരമായി തീരും എന്ന് ഞാൻ നിങ്ങളോട് പറയേണ്ട ആവശ്യമില്ലല്ലൊ. അതിനെ തരണം ചെയ്യുവാനുള്ള ഏകവഴി ദൈവത്താൽ മുദ്രയിടുക മാത്രമാണ് എന്ന് നിങ്ങൾ മനസിലാക്കണം. പുതിയനിയമപ്രകാരം നിങ്ങൾ സ്നാനം ഏറ്റിട്ടില്ലെങ്കിൽ, അത് *ഇപ്പോൾ* തന്നെ ചെയ്യുവാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്. നീട്ടി

ക്കൊണ്ടുപോകരുത്; മടിക്കയുമരുത്![49]

---

**കുറിപ്പുകൾ**

[1]അതേ ഇടവേള നമുക്ക് ആറും ഏഴും കാഹളങ്ങൾക്കിടയിൽ ഉണ്ടാകുന്നുണ്ട്. [2]ജെ. ഡബ്ല്യു. റോബെർട്ട്സ്, *ദ റെവെലേഷൻ ടു ജോൺ (ദ അപോകാലിപ്സ്)*, ദ ലിവിങ്ങ് വേർഡ് കമെന്ററി സീരീസ് (ആസ്റ്റിൻ ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1974), 70. [3]അദ്ധ്യായം 7-ൽ പറഞ്ഞിരിക്കുന്ന കാറ്റുകൾ, ഏഴ് മുദ്രകളിൽ പറഞ്ഞിരിക്കുന്നതിന് *പുറമെ* ആണെന്ന് ചിലർ വിചാരിക്കുന്നു – പ്രത്യേകിച്ച് ഏഴ് കാഹളങ്ങൾ ഊതുമ്പോൾ – അതിന് സാധ്യതയുണ്ട്, ഏഴ് മുദ്രകളും ഏഴ് കാഹളങ്ങളും സമാനമായതുകൊണ്ട്, അവ ഒരേസമയത്തായതുകൊണ്ട് (നാം അത് കാണാൻ പോകുന്നു), മുദ്രയോടും കാഹളത്തോടും കൂടിയാണോ കാറ്റുണ്ടായത് എന്നത് അപ്രധാനമാണ്. എവിടെ വെച്ചായാലും, കുഴപ്പം എന്തുതന്നെയായാലും, ക്രിസ്ത്യാനികളുടെ വഴിയിൽ, ദൈവം അവരെ സംരക്ഷിക്കുവാനുണ്ടാകും, എന്നതാണ് പോയിന്റ്. [4]ഡബ്ല്യു. ബി. വെസ്റ്റ്, *റെവെലേഷൻ ത്രു ഫസ്റ്റ് മെഞ്ചുറി ഗ്ലാസെസ്,* എഡി. ബോബ് പ്രിച്ചാർഡ് (നാഷ്വിലേ: ഗോസ്പെൽ അഡ്വെക്കേറ്റ് കമ്പനി., 1997), 69. [5]അവർ ദുഷ്ടശക്തികളെ നിയന്ത്രിക്കുന്ന ദുഷ്ടദൂതന്മാരല്ല. മറിച്ച് ദൈവത്തിന്റെ ദൗത്യം നിറവേറ്റുന്ന സേവകന്മരായിരുന്നു. [6]*വെളിപ്പാട്,* 1 എന്ന പുസ്തകത്തിലെ, "ഇവിടെ ഇതാ സർപ്പം" എന്ന പാഠം നോക്കുക. [7]ചിതറിപോയവരെ "നാല് കോണിൽനിന്ന്" കൂട്ടിച്ചേർക്കുവാനായിരുന്നു യെശയ്യാവ് പറഞ്ഞത് (യെശയ്യാവ് 11:12), "എല്ലായിടത്തുനിന്നും" എന്നാണ് അവൻ അർത്ഥമാക്കിയത് (യെശയ്യാവ് 11:11 നോക്കുക). മറ്റൊരു ചിത്രീകരണം യെഹെസ്ക്കേൽ 7:2 ആണ്, അവിടെ "ദേശത്തിന്റെ [പാലസ്തീന്റെ] നാല് കോണാണ്" പറഞ്ഞിരിക്കുന്നത്. തീർച്ചയായും പാലസ്തീൻ സമചതുരമോ അല്ലെങ്കിൽ സമകോണാകൃതിയിലോ ആണെന്ന് ആരും കുറ്റപ്പെടുത്തുകയില്ല എന്ന് വിചാരിക്കുന്നു. [8]വാരെൻ ഡബ്ല്യു. വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം. 2 (വീറ്റൺ Ill. .: വിക്ടർ ബുക്സ്, 1989), 590. [9]എച്ച് എൽ. എലിസൺ, *സ്ക്രിപ്ച്ചർ യൂണിയൻ ബൈബിൾ സ്റ്റഡി ബുക്സ്:1 പത്രോസ് – റെവെലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യു. എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1969), 57. [10]വൃക്ഷങ്ങളെയും ഉൾപ്പെടുത്തിയിരിക്കുന്നത്, അസാധാരണമായി തോന്നുന്നു. ഒരുപക്ഷെ അത് എല്ലാ സസ്യഭുക്കുകളെയും സൂചിപ്പിക്കുന്നതാകാം, അല്ലെങ്കിൽ, കൊടുങ്കാറ്റിൽ വീഴുന്ന മരങ്ങളുടെ കാഴ്ച്ച താൽപര്യം ജനിപ്പിക്കുന്നതുകാരണമാകാം. 8:7 ലും 9:4 ലും വീണ്ടും വൃക്ഷങ്ങളെയും വളരുന്നവയെയും കുറിച്ച് പറഞ്ഞിരിക്കുന്നു.

[11]ഉദാഹരണത്തിന്, യിരെമ്യാവ് 4:11, 12; 23:19; 49:36; 51:1 ഉം; കെജെവി. നിങ്ങൾ താമസിക്കുന്നത് വലിയ കാറ്റടിക്കാത്ത സ്ഥലത്താണെങ്കിൽ, ഈ ഭാവന നിങ്ങൾക്ക് മനസിലാക്കുവാൻ പ്രയാസമായിരിക്കും. എന്നാൽ കൊടുങ്കാറ്റടിക്കുന്ന സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് ഈ അലങ്കാരം മനസിലാക്കുവാൻ വിഷമമുണ്ടാകയില്ല. [12]ഈ വാചകം എടുത്തത്, ജി. ആർ. ബീസ്ലേ മുറേ, *ദ ബുക്ക് ഓഫ് റെവെലേഷൻ*, ന്യൂ സെഞ്ചുറി ബൈബിൾ കമെന്ററി സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യും എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1974), 142. സമാഗമനകൂടാരവും ദൈവാലയവും കിഴക്കോട്ട് അഭിമുഖമായിട്ടായിരുന്നു ഇരുന്നത് എന്ന് ബൈബിൾ വിദ്യാർത്ഥികൾക്ക് അറിയാം. [13]അന്യദേവന്മാരെ വണങ്ങിയിരുന്നവർ ജീവനില്ലാത്ത വിഗ്രഹങ്ങളെ ആരാധിച്ചിരുന്നതിന് വിരുദ്ധമായി യഹോവയെ "ജീവനുള്ള ദൈവം" എന്നാണ് വിളിച്ചിരുന്നത്. [14]ഹോമർ ഹെയ്ലി, *റെവെലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക്

ഹൗസ്, 1979), 202. "കുഞ്ഞാടാണ് യോഗ്യൻ" എന്ന പാഠത്തിൽ, രേഖകൾ മുദ്രയിടുന്നതിനെ കുറിച്ചു പരാമർശിച്ചിരിക്കുന്നത് നോക്കുക. [15]"ബോണ്ട്-സെർവന്റ്സ്" എന്ന് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം അറിയുവാൻ, *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ 1:1 ന്റെ കുറിപ്പ് നോക്കുക. [16]വിശ്വസ്തർ ഒരുങ്ങുന്നതുവരെ ദൈവം ജലപ്രളയത്തെ നിയന്ത്രിച്ചു എന്നതാണ് അതേ സംഭവം ഓർമ്മ വരുന്നത് (1 പത്രൊസ് 3:20). [17]ദൈവം മുഖപക്ഷം കാണിക്കുവാനും ആഗ്രഹിക്കുന്നില്ല (യാക്കൊബ് 2:1-9). [18]ദൈവം "*നമുക്കുള്ളവൻ*" ആണ് (റോമർ 8:31; എംഫസിസ് മൈൻ). അവൻ നമ്മുടെ ഭാഗത്തുണ്ട്. നമുക്ക് അനുകൂലമായിരിക്കുമെന്ന് മുന്നറിയിച്ചിട്ടുമുണ്ട്! [19]ദൈവത്തിന്റെ ആനുകൂല്യം ലഭിക്കുമെന്നതിനുള്ള മറ്റു വേദഭാഗങ്ങൾ, സങ്കീർത്തനങ്ങൾ 5:12; 30:5; 44:3; 106:4; സദൃശവാക്യങ്ങൾ 3:4; 8:35; 18:22; ഗലാത്യർ 1:10. [20]"പ്രത്യേകം" എന്ന വാക്ക് കെജെവിയിലും എൻഏഎസ്ബിയിലും ഏതാനും പ്രാവശ്യം മത്രമെ വരുന്നുള്ളു (പ്രത്യേകിച്ച് കെജെവിയിൽ ആവർത്തനപുസ്തകം 7:6 നോക്കുക). എന്നാൽ"സാങ്റ്റിഫൈഡ്" എന്നും "ഹോളി" എന്ന വാക്കും "ദൈവത്തിനു" പ്രത്യേകതയുള്ള - ദൈവജനത്തെ പറയുന്നതിന് ഉപയോഗിച്ചിട്ടുണ്ട് (1 കൊരിന്ത്യർ 6:11; 2 തിമൊഥെയൊസ് 2:21; എബ്രായർ 2:11; 10:10; 1 പത്രൊസ് 1:16; 2:5, 9 നോക്കുക).

[21]ക്രിസ്ത്യാനികളെ മുദ്രയിട്ടു സംരക്ഷിക്കുമെങ്കിലും, അപ്പോഴും അവർക്ക് അവിശ്വസ്തരായി വീണുപോകുവാൻ കഴിയുമായിരുന്നു. അല്ലെങ്കിൽ വിശ്വസ്തരായിരിക്കുവാൻ വെളിപ്പാടിൽ പ്രബോധിപ്പിക്കേണ്ട ആവശ്യമുദിക്കുന്നില്ലല്ലൊ (ഉദാഹരണമായി, 2:10). [22]വെളിപ്പാടിൽ, "മുദ്ര" യും "അടയാളവും" തമ്മിൽ അന്തരമുണ്ട്; "അടയാളം" എന്ന വാക്ക് നിഷേധസൂചകമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. വെളിപ്പാടിൽ "മുദ്ര" എന്ന് ഉപയോഗിച്ചിരിക്കുന്ന അർത്ഥത്തിലാണ് യെഹെസ്ക്കേലിൽ "അടയാളം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. [23]തിരുവെഴുത്തിൽ, രേഖകളും (1 രാജാക്കന്മാർ 21:8), സിംഹങ്ങളുടെ ഗുഹയും (ദാനിയേൽ 6:17), യേശുവിന്റെ കല്ലറയും (മത്തായി 27:66) മുദ്രയിട്ടിരുന്നു. [24]അത് പരിശുദ്ധാത്മാവിന്റെ *അത്ഭുതപ്രദർശന*മായിരുന്നില്ല (ഇപ്പോഴുമതെ). [25]ക്രിസ്ത്യാനികളെ *കുഴപ്പങ്ങളിലൻനിന്നു* സംരക്ഷിക്കുകയല്ല, പിന്നെയോ അത് *അതിജീവിക്കുവാൻ* സംരക്ഷിക്കുകയാണ്. [26]ഒരു "ലോഗോ" എന്നത് "എളുപ്പത്തിൽ തിരിച്ചറിയാവുന്ന പേരോ, അടയാളമോ, വ്യാപാരചിഹ്നമോ, ആണ്." [27]വെളിപ്പാടിൽ, "മൃഗത്തിന്റെ *മുദ്രയും*" "ജീവനുള്ള ദൈവത്തിന്റെ *മുദ്രയും*" തമ്മിൽ വ്യത്യാസമുണ്ട് (16:2; 19:20; എംഫസിസ് മൈൻ). "അടയാളം" റോമിന്റെ കുഴപ്പത്തിൽനിന്നു സംരക്ഷിച്ചുവെങ്കിൽ, ദൈവകോപത്തിൽനിന്നു സംരക്ഷിക്കുന്നതായിരുന്നു ദൈവത്തിന്റെ മുദ്ര. [28]എം. റോബെർട്ട് മുൾഹോളന്റ്, ജൂനിയർ, *റെവെലേഷൻ, ഹോളി ലിവിങ്ങ് ഇൻ ആൻ അൺഹോളി വേൾഡ്.* ഫ്രാൻസിസ് ആസ്ബറി പ്രസ്, കമെന്ററി, എഡി. എം. റോബെർട്ട് മുൾഹോളന്റ് ജൂനിയർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്രാൻസിസ് ആസ്ബറി പ്രസ്, 1990), 181. (എംഫസിസ് മൈൻ.) [29]തിരുവെഴുത്തുശകലങ്ങളുള്ള ആ ചെറിയ പെട്ടികളെ "ഫിലാക്റ്ററീസ്" എന്നാണ് വിളിച്ചിരുന്നത്. ആ പരിശീലനത്തെ യേശു മത്തായി 23:5-ൽ വിമർശിച്ചിട്ടുണ്ട്. [30]ഈ ചിത്രീകരണം എടുത്തത്, ബില്ലിഗ്രഹാമിന്റെ *അപ്രോച്ചിങ്ങ് ഹൂഫ്ബിറ്റ്സ്: ദ ഫോർ ഹോർസ്മെൻ ഓഫ് ദ അപോകാലിപ്സ്* (ന്യുയോർക്ക്.: ഏവൺ ബുക്സ്, 1985), 210.

[31]"നാം ദൈവത്തിന്റെ വശത്ത് നിന്നാൽ, നാം വിജയിക്കും!": എന്നു തുടങ്ങിയ പല ബൈബിൾതത്വങ്ങളും നിങ്ങൾക്ക് വേണമെങ്കിൽ അവലോകനം നടത്താം. [32]യോഹന്നാൻ വ്യക്തിപരമായി എണ്ണിയതല്ല 144,000 പേരെ; മറിച്ച് ആ സംഖ്യ അവനോട് പറഞ്ഞതായിരുന്നു. അതിന്റെ പ്രാധാന്യം നാം അടുത്ത പാഠത്തിൽ കാണും. [33]മിക്ക ആയിരാമാണ്ട് വാഴ്ച്ചക്കാരും (വെറെ ചിലരും) അത് അക്ഷരിക യെഹൂദന്മാരാണെന്നു

കരുതുന്നു. ആ കൂട്ടർ പൊതുവിൽ വിശ്വസിക്കുന്നത്, 144,000 പേർ യെഹൂദന്മാരും, വാക്യങ്ങൾ 9 മുതൽ 17 വരെയുള്ള ഭാഗത്തെ എണ്ണിക്കൂടാത്ത പുരുഷാരം ജാതികളുമാണ് എന്നാണ്. നാം നോക്കുവാൻ പോകുന്നതുപോലെ *രണ്ടിലും* യെഹൂദന്മാരും ജാതികളും ഉൾപ്പെടുന്നുണ്ട്. [34]ബി. സി. 722-ൽ, അശൂര്യർ യിസ്രായേലിന്റെ വടക്കൻ ഗോത്രങ്ങളെ കീഴ്പ്പെടുത്തുകയും യിസ്രായേൽ മക്കളിൽ പലരേയും പിടിച്ചുകൊണ്ടുപോകയും ചെയ്തു. "പത്തു ഗോത്രങ്ങൾ നഷ്ടമായി" എന്ന് ചിലർ പ്രചരിപ്പിക്കുന്നതിന് ഇത് മതിയായ കാരണം ആകണമെന്നില്ല. *ശേഷിപ്പുണ്ടായിരുന്നു* എന്നതിന്റെ തെളിവാണ് ബാബേൽ പ്രവാസം കഴിഞ്ഞ് മടങ്ങിവന്നവർ പന്ത്രണ്ടു ഗോത്രങ്ങൾക്കു വേണ്ടിയും യാഗം കഴിച്ചിരുന്നു എന്നത് (ഉദാഹരണത്തിന് എസ്രാ 6:17 നോക്കുക). യിസ്രായേൽ വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞപ്പോൾ, ആ ശേഷിപ്പായിരിക്കാം യെഹൂദയുടെ തെക്കോട്ട് മാറി താമസിച്ചത്. [35]എ. ഡി. 70-ൽ റോം യെരുശലേമിനെ നശിപ്പിച്ചപ്പോൾ, വംശാവലിയുടെ രേഖകളും നശിപ്പിച്ചു. ഇന്ന് ഒരു യെഹൂദനും അവൻ ഏതു ഗോത്രത്തിലുള്ളവനാണെന്ന് അറിയില്ല. [36]ഓരോ ഗോത്രത്തിൽനിന്നും കൃത്യമായി (12,000) പേർ വെച്ച് പരിവർത്തനം ചെയ്യുക എന്നത് എത്ര അസംഭവ്യമാണ്! [37]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ റെവെലേഷൻ* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1979), 154. [38]വെളിപ്പാട്, 1 എന്ന പുസ്തകത്തിൽ ഞാൻ പറഞ്ഞ "പിണയൽ" ചർച്ച ചെയ്യുക. [39]ഈ ലിസ്റ്റ് പഴയനിയമത്തിലേതിൽനിന്ന് വ്യത്യസ്തമാണെന്ന് മനസിലാക്കാത്തചിലർ, അതിനെ "തിരുത്തുവാൻ" ശ്രമിച്ച്, വാക്യങ്ങളെ പോലും പുനക്രമീകരണം നടത്തിയിട്ടുണ്ട്. "ദാൻ" ലിസ്റ്റിൽ വിട്ടുപോയതുകൊണ്ട്, അവർ വിചാരിക്കുന്നത് മൂലകയ്യെഴുത്തുപ്രതികളിൽ "ദാൻ" ഉണ്ടായിരുന്നു എന്നാണ്, പക്ഷെ ചില പകർപ്പെഴുത്തുകാർ "മാൻ," എന്ന് എഴുതുകയും, അത് പിന്നെ വിപുലമാക്കി "മനശെ" എന്നാക്കുകയും ചെയ്തു. അത്തരം "അഭിവൃദ്ധിപ്പെടുത്തൽ" എന്ന് അറിയ-പ്പെടുന്നതിനെ പിന്താങ്ങുന്ന തെളിവുകൾ വേദഭാഗത്തില്ല. [40]ഉൽപത്തി 35:22-36; സംഖ്യാപുസ്തകം 13:4-15; ആവർത്തനപുസ്തകം 33:6-29 നോക്കുക. യേശു ആ ഗോത്രത്തിൽനിന്നു വന്നതുകൊണ്ടാണ് യെഹൂദാ ഗോത്രത്തെ ആദ്യം പറഞ്ഞത് എന്നാണ് ചിലർ കരുതുന്നത് (വെളിപ്പാട് 5:5).

[41]ദാനും എഫ്രയിമും ലിസ്റ്റിൽനിന്നു വിട്ടുപോയതിനെ കുറിച്ച് പലരും പലവിധത്തിൽ ഊഹിക്കുന്നുണ്ട്. മറ്റു ഗോത്രങ്ങളെ അപേക്ഷിച്ച് ആ രണ്ട് ഗോത്രങ്ങളായിരുന്നു കൂടുതൽ വിഗ്രഹങ്ങളിലേക്ക് തിരിഞ്ഞത് എന്നാണ് ചിലർ കണ്ടെത്തുന്ന കാരണം. മറ്റു ചില എഴുത്തുകാർ ദാനിനെ കുറിച്ച്, ഉൽപത്തി 49:17 ന്റെ അടിസ്ഥാനത്തിൽ ചില അന്ധവിശ്വാസങ്ങളും പറയുന്നുണ്ട്. ആ രണ്ടു ഗോത്രങ്ങളെയും ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിന് *എന്തെങ്കിലും* പ്രാധാന്യമുണ്ടോ എന്ന് നമുക്ക് അറിയില്ല. [42]ഈ പോയിന്റിനെ കുറിച്ച് കൂടുതൽ വ്യക്തതയുള്ള ചർച്ചകളിൽ ഒന്നാണ് റേ സമ്മേഴ്സിന്റെ *വർതി ഈസ് ദ ലാമ്പ്* (നാഷ്വിലേ.: ബ്രോഡ്മാൻ പ്രസ്, 1951), 146-51. [43]ഇവിടെയുള്ള 144,000 പേർ ക്രിസ്ത്യാനികളാണ്, *എല്ലാ* ക്രിസ്ത്യാനികളും - *രക്തസാക്ഷികളായ* ക്രിസ്ത്യാനികൾ മാത്രമല്ല. ചില ക്രിസ്ത്യാനികൾ രക്തസാക്ഷിത്വം വഹിച്ചവർക്ക് അമിതമൂല്യം കൊടുക്കുന്നുണ്ട്. ഈ അവസരത്തിൽ കോഫ്മാന്റെ പരാമർശം ശ്രദ്ധിക്കേണ്ടതാണ്. "ഒരു രക്തസാക്ഷിയുടെ കിരീടം അയാളുടെ ഒറ്റപ്പെട്ട തീരുമാനത്തിന്റേയും പ്രവൃത്തിയുടേയും ഫലമായി ലഭിച്ചതാണ് (തീർച്ചയായും അത് മഹത്തരം തന്നെ), എന്നാൽ അതുപോലെ തന്നെ ഉത്തമമായ കിരീടം തന്നെയാണ് വാസ്തവത്തിലുള്ള ഒരു ക്രിസ്ത്യാനി തനിക്കെതിരെയുള്ള എല്ലാ വെറുപ്പും ഉപദ്രവവും അവസാനത്തോളം സഹിച്ച് മരിച്ച വ്യക്തിയുടേതും" (കോഫ്മാൻ 158). [44]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "ധനികമായിരുന്ന ദരിദ്രസഭ " എന്ന പാ

ററത്തിലെ 2:9 ലെ പരാമർശങ്ങൾ നോക്കുക. [45]മുൻപ് ശബ്ബത്തുകാർ, 144,000 പേർ മാത്രമെ അവസാനം സ്വർഗത്തിൽ പോകയുള്ളു എന്ന് പഠിപ്പിച്ചിരുന്നു. എന്നാൽ അവരുടെ അംഗസംഖ്യ അത്രയുമായപ്പോൾ അവരുടെ ആ ഉപദേശം നിർത്തി. മറ്റൊരു ചെറിയ മതവിഭാഗം ഇപ്പോഴും അത് പഠിപ്പിക്കുന്നുണ്ട്. ഇതിന്റെ മുഖ്യ പ്രചാരകർ യെഹോവാ സാക്ഷിക്കാരാണ്, സ്വർഗത്തിൽ പോകുന്നത് 144,000 പേരായിരിക്കുമെന്ന ഉപദേശം അവർ നിലനിർത്തിക്കൊണ്ടാണിരിക്കുന്നത്. (എഡ് സാന്റേഴ്സ്, "റെവെലേഷൻ ആന്റ് ദ കൾട്ട്സ്," *ഹാർഡിങ്ങ് യൂണിവേഴ്സിറ്റി ലെക്ച്ചേഴ്സ്* [1992]; 250.) കറുത്ത വർഗക്കാരായ ഇസ്ലാം മതവിശ്വാസികൾ ഈ വേദഭാഗമെടുത്ത് കറുത്ത വർഗക്കാരായ 144,000 പേർ മാത്രമെ സ്വർഗത്തിൽ പോകയുള്ളു എന്നാണ് പറയുന്നത്. [46]*ഓരോ* വിശ്വസ്ത ദൈവപൈതലിനും "ക്ഷയം, മാലിന്യം, വാട്ടം എന്നിവയില്ലാത്ത ഒരവകാശം *സ്വർഗത്തിലുണ്ട്*" എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (1 പത്രൊസ് 1:4; എംഫസിസ് മൈൻ). [47]സംഖ്യകളുടെ ആലങ്കാരികതയിൽ, നിങ്ങളുടെ മനസിനേ പുതുക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "ഇവിടെ ഇതാ സർപ്പം!" എന്ന പാഠം നോക്കുക. പ്രത്യേകിച്ച്, "12," "1,000," "144," ഉം"144,000" വും വിശദമാക്കിയിരിക്കുന്നത് നോക്കുക. [48]"ഒപ്പിട്ട്, മുദ്രയിട്ട്, വിതരണം ചെയ്ത" രേഖ കെട്ടപ്പെടുന്നതാണ്. "ഒപ്പിട്ട്, മുദ്രയിട്ട്, വിതരണം ചെയ്ത" ഏതൊരു രേഖയായാലും അത് *സ്ഥാപിക്കപ്പെട്ടതാണ്.* [49]ഇത് നിങ്ങൾ ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, അവിശ്വസ്തരായിതീർന്ന ക്രിസ്ത്യാനികളെ യഥാസ്ഥാനപ്പെടുവാൻ പ്രോൽസാഹിപ്പിക്കുക (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16). [50]പണ്ടത്തെ അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ ഡെലാനോ റൂസ്വെൽറ്റിന്റെ പ്രസിദ്ധമായ വാക്കുകളെ അടിസ്ഥാനപ്പെടുത്തിയതാണ് ഈ ആശയം: "നാം ഭയപ്പെടേണ്ടത് ഭയത്തെ മാത്രം" (ക്വോട്ടഡ് ഇൻ ജോൺ ബാർട്ട്ലെറ്റ്, *ബാർട്ട്ലെറ്റ്സ് ഫെമിലിയർ ക്വട്ടേഷൻസ്*, എഡി. ജസ്റ്റിൻ കപ്ലാൻ ബോസ്റ്റൺ: ലിറ്റിൽ, ബ്രൗൺ, ആന്റ് കമ്പനി., 1992, 648.)

---

### ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. അദ്ധ്യായം 6 വായിക്കുന്നവരിൽ ഉയരാനുള്ള എന്തെല്ലാം ചോദ്യങ്ങൾക്കാണ് അദ്ധ്യായം 7 ഉത്തരങ്ങൾ നൽകുന്നത്?
2. "നാല്" എന്ന സംഖ്യയുടെ ആലങ്കാരിക അർത്ഥം വിവരിക്കുക.
3. തടസപ്പെടുത്തിയ നാല് കാറ്റുകൾ എന്തിനെയാണ് സൂചിപ്പിച്ചത്?
4. മുദ്രയിടേണ്ടിയിരുന്ന ദൈവ-ദാസന്മാർ ആരായിരുന്നു?
5. ഏതർത്ഥത്തിൽ ദൈവം മുഖപക്ഷം കാണിക്കുകയില്ല? ഏതർത്ഥത്തിൽ അവൻ മുഖപക്ഷം കാണിക്കും?
6. ഒരു മുദ്രയുടെ മൂന്ന് ഉദ്ദേശങ്ങൾ വ്യക്തമാക്കുക.
7. സ്നാനവും ക്രിസ്ത്യാനിയുടെ ആത്മിയ മുദ്രയും തമ്മിലുള്ള ബന്ധം വിവരിക്കുക.
8. പാഠമനുസരിച്ച്, ക്രിസ്ത്യാനികളുടെ *നെറ്റിയിൽ* മുദ്രയിടുന്നതിന്റെ പ്രാധാന്യം എന്ത്?
9. പന്ത്രണ്ട് ഗോത്രങ്ങളെന്ന് പറഞ്ഞിരിക്കുന്നത് എന്ത് (അല്ലെങ്കിൽ ആർ) ആണ്?
10. 144,000 എന്ന സംഖ്യയുടെ പ്രാധാന്യം വിവരിക്കുക.
11. വെളിപ്പാട് 7:1-8 ൽനിന്ന് എന്ത് പാഠമാണ്, നിങ്ങൾക്ക്, പഠിക്കുവാനായത്?



നാല് ദൂതന്മാർ ഭൂമിയിലെ നാല് കാറ്റും പിടിച്ചിരിക്കുന്നു (7:1)



ഒരു ദൈവ-ദാസനെ ദൂതൻ മുദ്രയിടുന്നു (7:3)